പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5562

18/11/2019 ൽ മറുപടി നല്കേണ്ടത്.

# ജില്ലാ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) മാനസികാരോഗ്യ പരിപാലന നിയമം പ്രകാരമുള്ള ജില്ലാ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ ; | എ) ഉണ്ട്. മെന്റൽ ഹെൽത്ത് കെയർ ആക്ട്, 2017- ലെ സെക്ഷൻ 73 (1) പ്രകാരം സ്റ്റേറ്റ്മെന്റൽ ഹെൽത്ത് അതോറിറ്റി നോട്ടിഫിക്കേഷൻ വഴി മെന്റൽ ഹെൽത്ത് റിവ്യൂബോർഡുകൾ രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, സംസ്ഥാനത്ത് മെന്റൽ ഹെൽത്ത്റിവ്യൂ ബോർഡുകൾ രൂപീകരിക്കുന്ന കാര്യം സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ പരിഗണനയിലുണ്ട്. |
| ബി) പ്രസ്തുത ബോർഡുകൾ എന്ന് നിലവിൽവരും എന്ന് വെളിപ്പെടുത്തുമോ ? | ബി) റിവ്യൂ ബോർഡുകൾ രൂപീകരിക്കുന്നതിനായി മാനസികാരോഗ്യ പരിപാലന നിയമത്തിലെ സെക്ഷൻ 73 (2) പ്രകാരം, റിവ്യൂ ബോർഡുകളുടെ എണ്ണം (Number), സ്ഥാനം (Location), അധികാരപരിധി (Jurisdiction), എന്നിവ സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി സംസ്ഥാന സർക്കാരുമായി കൂടിയാലോചിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, ഇതു സംബന്ധിച്ചുള്ള സർക്കാരും അതോറിറ്റിയുമായുള്ള, കൂടിയാലോചനകളുടേയും, തീരുമാനങ്ങളുടേയും, അടിസ്ഥാനത്തിൽ പ്രസ്തുത ബോർഡുകൾ എത്രയും വേഗം രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ